(ബി) ബഹുതല വ്യാപാര വ്യവസായ നിയന്ത്രണത്തിനായി എന്തെല്ലാം കാര്യങ്ങളാണ് അതോറിറ്റിയുടെ പ്രവർത്തനത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇതിനായി നിയമനിർമ്മാണം നടത്താനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ ;

(ഡി) നിയമനിർമ്മാണപ്രക്രിയയുടെ ഇപ്പോഴുള്ള അവസ്ഥ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-ഡി) ബഹുതല വ്യാപാര വ്യവസായ നിയന്ത്രണത്തിനായി നിയമനിർമ്മാണം നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നു. ആയതിലേയ്ക്കായി തയ്യാറാക്കപ്പെട്ട കരട് ബിൽ സർക്കാരിന്റെ പരിശോധനയിലായതിനാൽ ഇതിന്റെ വിശദാംശങ്ങൾ തീരുമാനിച്ചിട്ടില്ല

പുതിയ വ്യവസായ സ്ഥാപനങ്ങൾ തുടങ്ങുന്ന നടപടി

197 (4188) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര പുതിയ വ്യവസായ സ്ഥാപനങ്ങൾ തുടങ്ങിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് നൽകാമോ ;

(ബി) പുതിയ വ്യവസായങ്ങൾ ആരംഭിക്കാത്ത ജില്ലകളിൽ സാധ്യതാ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ അവ സംബന്ധിച്ച റിപ്പോർട്ടുകളുടെ വിശദാംശങ്ങൾ നൽകാമോ ;

(സി) കാസർഗോഡ് ജില്ലയുടെ പിന്നോക്കാവസ്ഥ അവസാനിപ്പിക്കുന്നതിന് വ്യവസായ വകുപ്പ് സ്വീകരിച്ചതും സ്വീകരിക്കാനുദ്ദേശിച്ചതുമായ നടപടികൾ എന്തൊക്കെയാണ് ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖാന്തിരം ആരംഭിച്ച വ്യവസായങ്ങളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ശേഖരിച്ചുനൽകുന്നതാണ്. കിൻഫ്രയുടെ നേതൃത്വത്തിൽ അനുവദിച്ച പദ്ധതികളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

Name of district	No. of Units
തിരുവനന്തപുരം	11
പത്തനംതിട്ട	30
എറണാകുളം	25
തൃശ്ശൂർ	9
പാലക്കാട്	78
മലപ്പുറം	11
കണ്ണൂർ	18
വയനാട്	19
കാസർഗോഡ്	17
ആകെ	218

കെ.എസ്.ഐ.ഡി.സി.യുടെ നേതൃത്വത്തിൽ ആരംഭിച്ച വ്യവസായങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായും ചേർത്തിട്ടുണ്ട്.*

.(ബി) എല്ലാ ജില്ലകളിലും പുതിയ വ്യവസായങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(സി) കാസർഗോഡ് ജില്ലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി സീതാംഗോലിയിൽ 270 ഏക്കർ ഭൂമി കിൻഫ്ര കണ്ടെത്തുകയും അടിസ്ഥാന സൗകര്യം വികസിപ്പിച്ച് സമ്പൂർണ്ണ വ്യവസായ പാർക്ക് ആരംഭിക്കുകയും പ്രസ്തുത പാർക്കിൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിനുവേണ്ടി നാൽപ്പതോളം വ്യവസായ സംരംഭകർക്ക് ഭൂമി പാട്ട വ്യവസ്ഥയിൽ അലോട്ട് ചെയ്യുകയും അവരെല്ലാം തന്നെ അവരുടെ സംരംഭങ്ങൾ വിജയകരമായ രീതിയിൽ നടത്തി വരികയും ചെയ്യുന്നുണ്ട്. കാസർഗോഡ് ജില്ലയുടെ വികസനത്തിനായി സമർപ്പിക്കപ്പെട്ട പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കാസർഗോഡ് ജില്ലയിലെ വ്യവസായ വികസന പ്രദേശങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള ശ്രമങ്ങൾ നടത്തിവരുന്നു. കാസർഗോഡ് ജില്ലയിലെ അനന്തപുരം വ്യവസായ വികസന

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഏരിയയുടെ നവീകരണത്തിനായി 60 ശതമാനം വിഹിതം കേന്ദ്ര സർക്കാരും 40 ശതമാനം സംസ്ഥാന സർക്കാരും വഹിക്കുന്നതിനായി MSE-CDP പദ്ധതിയനുസരിച്ച് പത്ത് കോടി രൂപ ചെലവ് വരുന്ന പദ്ധതി റിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്.

മാവൂർ ഗ്വാളിയോർ റയോൺസ് വക സ്ഥലം

198 (4189) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവൂർ ഗ്വാളിയർ റയോൺസിന്റെ കൈവശത്തിൽ എത്ര സ്ഥലമാണുള്ളത്; ഇതിൽ എത്ര ഏക്കർ കമ്പനി സ്വയം ആർജ്ജിച്ചതായുണ്ട്;

(ബി) പ്രസ്തുത കമ്പനിക്ക് നഷ്ടപരിഹാരം നൽകി സ്വത്തുക്കൾ ഏറ്റെടുത്ത് കിൻഫ്രയെ ഏൽപ്പിക്കുന്നതിന് തയ്യാറാവുമോ?

ഉത്തരം

(എ) വ്യാവസായികാവശ്യത്തിനായി പല ഘട്ടങ്ങളിലായി സർക്കാർ ഏറ്റെടുത്തു നൽകിയ 246.33 ഏക്കർ ഭൂമിയും വ്യക്തികളിൽ നിന്നും കമ്പനി നേരിട്ട് വാങ്ങിയ 80.19375 ഏക്കർ ഭൂമിയും കമ്പനിയുടെ കൈവശത്തിലുണ്ട്.

(ബി) വ്യാവസായികാവശ്യത്തിനായി ഏറ്റെടുത്തു നൽകിയതിൽ 187.13 ഏക്കർ ഭൂമി തിരിച്ചെടുക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഇതിനെതിരെ കമ്പനി ബഹു. ഹൈക്കോടതിയിൽ നിന്നും സ്റ്റേ ഓർഡർ നേടിയതിനാൽ പ്രസ്തുത ഉത്തരവ് നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ല. ഭൂമി തിരിച്ചെടുത്ത് ഇവിടെ വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനായി കിൻഫ്രയ്ക്ക് കൈമാറുവാനാണ് തീരുമാനിച്ചിട്ടുള്ളത്. ഭൂമി തിരിച്ചെടുക്കുന്നതിനെതിരെ കമ്പനി ബഹു. ഹൈക്കോടതിയിൽനിന്നും നേടിയ സ്റ്റേ ഓർഡർ നീക്കിക്കിട്ടുന്നതിന് വേണ്ട നടപടി സ്വീകരിക്കുവാൻ അഡ്വക്കേറ്റ് ജനറലിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

ബാംബൂ കോർപ്പറേഷന്റെ പ്രതിസന്ധി

199 (4190) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാംബൂ കോർപ്പറേഷന്റെ പ്രതിസന്ധിയുടെ കാരണം വ്യക്തമാക്കാമോ ;

(ബി) പ്രതിസന്ധി പരിഹരിക്കാനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) ബാംബൂ ബോർഡ് ഫാക്ടറി മൂന്നുതവണ നിർത്തിവയ്ക്കേണ്ടിവന്നതിന്റെയും ഓഫ് ചെയ്യേണ്ടിവന്നതിന്റെയും കാരണം വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly